പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2503** | **07.02.2019-ൽ മറുപടിക്ക്**

**വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എ.എൻ. ഷംസീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ പുത്തൻ തലമുറ സംരംഭകരെ കൂടുതലായി ആകർഷിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ പുത്തൻ തലമുറ സംരംഭകരെ കൂടുതലായി ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ടൂറിസം വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ നയത്തിലൂന്നിയ പദ്ധതികളാണ് നടപ്പാക്കുക. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ വളർത്താനും ഉതകുന്ന രീതിയിൽ കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടി കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്കുമായി ടൂറിസം അഡ്വൈസറി സമിതി പ്രവർത്തിച്ചു വരുന്നു. വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വഴി രാജ്യത്തിനകത്തും പുറത്തും പുത്തൻ തലമുറ സംരംഭകർക്ക് മികച്ച നേട്ടം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും മറ്റും ഇവരുടെ സേവനം കൂടി ഉറപ്പ് വരുത്താറുണ്ട്. ടൂറിസം രംഗത്തെ ക്ലാസിഫിക്കേഷൻ നടപടികൾ ലളിത വൽക്കരിച്ച് |

സുതാര്യമാക്കിയതോടെ നിരവധി സംരംഭകർ ഈ രംഗത്തേക്ക് കടന്നു വരുന്നുണ്ട്. ടൂറിസം സാദ്ധ്യതയുള്ള സ്വകാര്യ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്ന തിനും 2019-20 ലെ ബഡ്ജറ്റിൽ സഹായം വിഭാവന ചെയ്തിട്ടുണ്ട്.

ബി) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിയ്ക്കാൻ ഉദ്ദേശിക്കുന്നു ണ്ടോയെന്ന് വിശദമാക്കാമോ;

ബി) കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 ബഡ്ജറ്റിൽ ഇതിനായി 4 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

സി) യുവസംരംഭകർക്ക് പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്ന തിനുള്ള അവസരമൊരുക്കുന്ന തിനും ഈ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ടൂറിസം ന്യൂ ഐഡിയ മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ; വിശദാംശം നൽകുമോ?

സി) ടൂറിസം മേഖലയിലെ യുവ സംരംഭകർക്കായി ഐഡിയ കം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, ടൂറിസം രംഗത്തെ മറ്റ് അസോസിയേഷൻ എന്നിവ വഴിയാകും മീറ്റ് സംഘടിപ്പിക്കുക. സംസ്ഥാനതല മീറ്റും ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഡി.ടി.പി.സി. കൾ, ടൂറിസം ട്രാവൽ അസോസിയേഷനുകൾ എന്നിവയുടെ കൂടെ സഹകരണ ത്തോടെയാകും മീറ്റ് സംഘടിപ്പിക്കുക.

സെക്ഷൻ ഓഫീസർ